**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 776** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി സങ്കേതങ്ങളിലെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾക്കകത്ത് അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | ഉണ്ട്. നാഷണൽ റീഹാബിലിറ്റേഷൻ ആന്റ് സെറ്റിൽമെന്റ് പോളിസി 2007 പ്രകാരം വന്യജീവി സങ്കേതങ്ങൾക്ക് അകത്തുള്ള സെറ്റിൽമെന്റുകളിൽ അധിവസിക്കുന്നവരെ വനാന്തരങ്ങളിൽ നിന്നും മാറ്റി പാർപ്പിക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി 2012 മുതൽ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്നു. ഇതു പ്രകാരം ഇതുവരെ തിരുനെല്ലി പഞ്ചായത്തിലെ ഈശ്വരൻകൊല്ലി, നരിമാന്തികൊല്ലി എന്നീ ഉന്നതികളിലുള്ള 7 കുടുംബങ്ങളെയും നൂൽപ്പുഴ പഞ്ചായത്തിലെ ഗോളൂർ, അമ്മവയൽ, വെള്ളക്കോട്, കൊട്ടങ്കര, കുറിച്യാട്, ചെട്ട്യാലത്തൂർ, പങ്കളം, മണിമുണ്ട എന്നീ ഉന്നതികളിലെ 160 കുടുംബങ്ങളെയും മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ഒഴികെയുള്ള മറ്റ് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ